CS(M) EXAM2012

Serial N

G–DTN–M–NBMB

# MALAYALAM

## Paper II

## (Literature)

*Time Allowed : Three Hours* | *Maximum Marks : 300*

## INSTRUCTIONS

*Candidates should attempt questions 1 and 5 which are compulsory, and any **THREE** of the remaining questions selecting at least **ONE** question from each Section.*

*The number of marks carried by each question is indicated at the end of the question.*

*Answers must be written in **Malayalam**.*

**Important : Whenever a Question is being attempted, all its parts/sub-parts must be attempted contiguously. This means that before moving on to the next Question to be attempted, candidates must finish attempting all parts/sub-parts of the previous Question attempted. This is to be strictly followed.**

*Pages left blank in the answer-book are to be clearly struck out in ink. Any answers that follow pages left blank may not be given credit.*

## SECTION–A

1. സന്ദർഭം സൂചിപ്പിച്ച് ആശയം വിശദമാക്കി സാരസ്യം വ്യക്തമാക്കുക. ഓരോ ഉത്തരവും 150 വാക്കിൽ കവിയരുത് :-

12×5=60

(a) മന്ദപ്രജ്ഞന്മാർക്കറിവാനായ്
മനു കുല തിലകനുടേ വൃത്താന്തമി -
തന്ധൻ ഞാൻ കേവലമെങ്കിലുമൊ -
ട്ടായ പ്രകാരം ചൊൽക തുനിഞ്ഞേൻ.

(b) എണ്ണിക്കൊള്ളാം പടയിലെഴുന്നള്ളത്തു
കൊല്ലത്തു നിൻേറാ
കണ്ണിൽ കൂടാ തടയുരടൽ കൂറാളി
തോവാള നിൻേറാ
വർണിച്ചേറ്റം ഭുജഗ ശയനം കണ്ടു
കൈ കൂപ്പുവാനെൻ
പുണ്യത്തിന്റെ പെരുമ നവരം
നിൻ വരത്തെന്റു മന്യേ.

(c) ഒരു വേള പഴക്കമേറിയാ -
ലിരുളും മെല്ലെ വെളിച്ചമായ് വരാം
ശരിയായ് മധുരിച്ചിടാം സ്വയം
പരിശീലിപ്പൊരു കയ്പുതാനുമേ.

(d) ആയിരം മണിയുടെ നാവടക്കിടാ മൊറ്റ
വായിലെ നാവാർക്കാനും കെട്ടുവാൻ കഴിയുമോ ?

(e) നിൻ കുടിയെഴിഞ്ഞീടണ മീ ഞാൻ
നിൻ കുടിയൊഴിപ്പിക്കുമല്ലെങ്കിൽ!



(Contd.)

2. ഓരോ ഉപചോദ്യത്തിനും ഇരുനൂറ്റിഅൻപത് വാക്കിൽ കവിയാതെ ഉത്തരമെഴുതുക. ഓരോന്നിനും ഇരുപത് മാർക്കു വീതം :- 20×3=60

(a) രാമചരിതത്തിൽ നിന്ന് കണ്ണശ്ശകൃതികളിലേക്ക് കടക്കുമ്പോൾ ഭാഷയ്ക്കു സംഭവിക്കുന്ന പരിണാമം സോദാഹരണം വിവരിക്കുക.

(b) എഴുത്തച്ഛന്റെ കൃതികളിൽ പ്രകടമാകുന്ന സംക്ഷേപണ സാമർഥ്യം 'ഭാരതം കിളിപ്പാട്ടി'ലെ 'ഭീഷ്മപർവ'ത്തെ ആസ്പദമാക്കി വിവരിക്കുക.

(c) 'ഉണ്ണുനീലി സന്ദേശത്തിന്റെ ആസ്വാദ്യതയ്ക്ക് അടിസ്ഥാനം അതിലെ അലങ്കാര കല്പനകളാണ്' - ചർച്ച ചെയ്യുക.

3. ഓരോ ഉപചോദ്യത്തിനും ഇരുനൂറ്റിഅൻപത് വാക്കിൽ കവിയാതെ ഉത്തരമെഴുതുക. ഓരോന്നിനും ഇരുപത് മാർക്കു വീതം :- 20×3=60

(a) 'ചിന്താവിഷ്ടയായ സീത'യിൽ, വികാര വിചാരങ്ങളുടെ ഗാഢമായ സമന്വയത്തിന് കാവ്യരൂപം നൽകിയിരിക്കുകയാണ്' - പരിശോധിക്കുക.

(b) 'പെരുന്തച്ചൻ' ഒരു മിത്തിന്റെ ആവിഷ്കാരമാണ്'- ചർച്ച ചെയ്യുക.

(c) 'കുടിയൊഴിപ്പിക്കൽ' എന്ന കൃതിയിൽ തന്റെ മൂല്യ ദർശനത്തിന് ശാശ്വത സ്മാരകം നിർമ്മിക്കാൻ കവിയ്ക്ക് സാധിച്ചിരിക്കുന്നു'. ചർച്ച ചെയ്യുക.



(Contd.)

4. ഓരോ ഉപചോദ്യത്തിനും ഇരുനൂറ്റിഅൻപതു വാക്കിൽ കവിയാതെ ഉത്തരമെഴുതുക. ഓരോന്നിനും ഇരുപത് മാർക്കു വീതം :- 20×3=60

(a) പി. വിരാജിച്ചിരുന്നത് തന്റേതായ ഒരു കാവ്യലോകത്താ യിരുന്നുവോ. ആറ്റൂരിന്റെ 'മേഘരൂപൻ' എന്ന കൃതിയെ ആസ്പദമാക്കി ചർച്ച ചെയ്യുക.

(b) 'എല്ലാം സ്വന്തമാണെന്ന് തോന്നുമ്പോഴും ഒന്നും സ്വന്തമല്ലാത്ത വൈരുദ്ധ്യം അനുഭവിക്കാൻ വിധിക്കപ്പെട്ടവനാണ് സാധാരണ മനുഷ്യൻ'. 'പണ്ടത്തെ മേശാന്തി'യെ ആസ്പദമാക്കി ചർച്ച ചെയ്യുക.

(c) ആധുനിക മലയാള കവിതയിലെ 'ആധുനികത'യുടെ മുഖ്യ ഘടകങ്ങളേവ? 'കുരുക്ഷേത്രം' എന്ന കൃതിയെ ആസ്പദമാക്കി വിവരിക്കുക.

## SECTION–B

5. ഓരോ ഉത്തരവും 150 വാക്കിൽ കവിയരുത് :- 12×5=60

(a) 'മലയാളത്തിൽ നോവൽ ശില്പത്തെക്കുറി ച്ചുണ്ടായിരുന്ന സങ്കല്പം മാറ്റി മറിച്ച കൃതിയാണ് 'ഖസാക്കിന്റെ ഇതിഹാസം'. അതിലെ പാത്രസൃഷ്ടിയെ ആസ്പദമാക്കി ചർച്ച ചെയ്യുക.

(b) 'നാടക നിഷേധപരമായ നാടകമാണ് സി.ജെ. തോമസിന്റെ '1128-ൽ ക്രൈം-27'. ആധുനിക നാടക തത്ത്വങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധിക്കുക.

(c) 'ചെമ്മീൻ എന്ന നോവലിന്റെ പ്രാഥമികമായ ആകർഷകത്വം അതൊരു പ്രേമകഥയാണ് എന്നതാണ്. പക്ഷേ, അതൊരു ദുരന്ത പ്രേമകഥയാണ്''. പരിശോധിക്കുക.

(d) 'വ്യാസന്റെ ചിരി' വെളിപ്പെടുത്തുന്ന കുട്ടികൃഷ്ണ മാരാരുടെ ഹാസ്യ സങ്കല്പമെന്ത് ?

(e) ഭൂമിയുടെമേൽ ആധുനിക മനുഷ്യർ നടത്തുന്ന പ്രഹരവും അതിന്റെ പ്രത്യാഘാതങ്ങളും ഒ.എൻ.വിയുടെ കാവ്യ ജീവിതത്തിലെ അനശ്വരമായ കൃതിയാണ് ''ഭൂമിയ്ക്കൊരു ചരമ ഗീത''മെന്ന് സ്ഥാപിക്കുക.

6. ഓരോ ഉപചോദ്യത്തിനും ഇരുനൂറ്റിഅൻപത് വാക്കിൽ കവിയാതെ ഉത്തരമെഴുതുക. ഓരോന്നിനും ഇരുപത് മാർക്കു വീതം :- 20×3=60

(a) 'കലയിൽകൂടി സാമൂഹ്യ പരിഷ്കരണം' നടത്താനാവുമോ? 'ഇന്ദുലേഖ'യെ അടിസ്ഥാനമാക്കി ചർച്ച ചെയ്യുക.

(b) 'ചെമ്മീൻ' എന്ന നോവലിന് സംവേദനം ചെയ്യാനുള്ളത് പ്രണയത്തിന്റെ വിജയമാണോ, ഉൽക്കർഷേച്ഛയുടെ വ്യർത്ഥതയാണോ ? പരിശോധിക്കുക.

(c) 'മരണത്തിനുപോലും ഒരാഘാതവും ഏല്പിക്കാനാവാത്ത വിധം നിസ്സംഗനായി കഴിഞ്ഞിരുന്നു രവി'. വിശദമാക്കുക.

7. ഓരോ ഉപചോദ്യത്തിനും ഇരുനൂറ്റിഅൻപത് വാക്കിൽ കവിയാതെ ഉത്തരമെഴുതുക. ഓരോന്നിനും ഇരുപത് മാർക്കു വീതം :- 20×3=60

(a) ആത്യന്തികമായി മനുഷ്യൻ ഒറ്റയ്ക്കാണെന്ന് സി.ജെ. വിശ്വസിച്ചിരുന്നതായി കരുതാമോ ? ക്രൈം. 27-നെ ആസ്പദമാക്കി ചർച്ച ചെയ്യുക.

(b) കാഥികന്റെ രചനാ തന്ത്രംകൊണ്ടാണ് 'ഹിഗ്വിറ്റ' ആവർത്തിച്ച പാരായണത്തിന് വിധേയമാകുന്നത് - ചർച്ച ചെയ്യുക.

(c) എം.റ്റി. വാസുദേവൻനായരുടെ കഥകളുടെ മുഖ്യ സവിശേഷതകൾ പാഠ്യഗ്രന്ഥത്തെ ആസ്പദമാക്കി വിവരിക്കുക.

8. ഓരോ ഉപചോദ്യത്തിനും ഇരുനൂറ്റിഅൻപത് വാക്കിൽ കവിയാതെ ഉത്തരമെഴുതുക. ഓരോന്നിനും ഇരുപതു മാർക്കു വീതം :- 20×3=60

(a) 'മനുഷ്യന്റെ ധർമ്മ സങ്കടങ്ങളാണ് മാരാർ വിശദീകരിക്കുന്നത്'. 'ഭാരത പര്യടന'ത്തിലെ 'ഭീഷ്മരുടെ ധർമ്മ നിശ്ചയം' എന്ന അദ്ധ്യായത്തെ അടിസ്ഥാനമാക്കി ചർച്ച ചെയ്യുക.

(b) എം.കെ.സാനു ചങ്ങമ്പുഴയെ വെള്ളപൂശുന്നുണ്ടോ? നിരുപിക്കുക.

(c) 'കണ്ണീരും കിനാവും' എന്ന കൃതിക്ക് 'കിനാവും കണ്ണീരും' എന്ന പേരാണ് കൂടുതൽ അനുയോജ്യം'. ചർച്ച ചെയ്യുക.